# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ :*123

11-08-2017 ൽ മറുപടിയ്ക്ക്

## നെൽകൃഷി പ്രോത്സാഹനാർത്ഥം നടപ്പാക്കിയ പദ്ധതികൾ

**ചോദ്യം**
ശ്രീ.പി.കെ.ബഷീർ
,, ടി. വി. ഇബ്രാഹിം
,, പി.ബി. അബ്ദുൽ റസ്സാക്ക്
,, വി.കെ.ഇബ്രാഹിം കുഞ്ഞ്

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെൽകൃഷി പ്രോത്സാഹിപ്പിയ്ക്കുന്നതിനായി നടപ്പാക്കിയ പദ്ധതികളുടെ വിശദവിവരം നൽകാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നെൽകൃഷി വികസനത്തിന് മുന്തിയ പരിഗണന നൽകിക്കൊണ്ട് സമഗ്ര നെൽകൃഷി വികസന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.<br>നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃതപദ്ധതി പ്രകാരം 2016-17 മുതൽ നടപ്പിലാക്കിയ വിവിധ ഘടകങ്ങളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം I ആയി ചേർത്തിട്ടുണ്ട്. |
| (ബി) | തരിശായിട്ടുള്ള എത്ര പാടങ്ങൾ നെല്ലുൽപ്പാദനത്തിന് പര്യാപ്തമാക്കിയിട്ടുണ്ടെന്നതിന്റെ വിശദവിവരം വ്യക്തമാക്കുമോ; | (ബി) | 14 ജില്ലകളിൽ 231 പാടങ്ങളിലായി 4290.812 ഹെക്ടർ സ്ഥലം നിലവിൽ പുതിയതായി നെല്ലുത്പാദനത്തിനു പര്യാപ്തമായിട്ടുണ്ട്. അതിൽ 2782.3857 ഹെക്ടർ 2016-17 വർഷത്തെ സംസ്ഥാനാവിഷ്കൃത പദ്ധതിയുടെ ആനുകൂല്യം നൽകി കൃഷി ചെയ്തിരുന്നതാണ്. 2956.7 ഹെക്ടർ സ്ഥലമാണ് ഈ വർഷത്തെ ഭൗതിക ലക്ഷ്യം. പല ജില്ലകളിലും ലക്ഷ്യമിട്ടിരുന്നതിലും കൂടുതൽ വിസ്തൃതി ഇപ്പോൾ തന്നെ കൃഷി ചെയ്യിക്കാൻ |

| | | | |
|---|---|---|---|
| | | | കഴിഞ്ഞിട്ടുണ്ട്. കൃഷിയോഗ്യമാക്കിയ പടശേഖരങ്ങളെ സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം II ആയി ചേർക്കുന്നു. |
| (സി) | നെല്ലുത്പാദനത്തിൽ ഇതേവരെ എന്ത് നേട്ടമാണ് കൈവരിക്കാൻ കഴിഞ്ഞതെന്ന് വെളിപ്പെടുത്തുമോ? | (സി) | 2015-2016 സാമ്പത്തിക വർഷം 549275 ടൺ നെല്ല് ഉത്പാദിപ്പിച്ചു. 2016-17 സാമ്പത്തിക വർഷത്തിലെ കണക്ക് ഇക്കൊണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടില്ല. എന്നാൽ 2016-17 സാമ്പത്തിക വർഷം 14000 ഏക്കർ സ്ഥലത്ത് പുതിയതായി കൃഷി ഇറക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഈ കാലയളവിൽ ഉദ്ദേശം 16000 ടൺ അധിക ഉല്പാദനം ഉണ്ടായതായി കണക്കാക്കുന്നു. വർഷാന്ത്യത്തിൽ പാലക്കാട് പോലെയുള്ള നെല്ലറകളിൽ ഉണ്ടായ കൊടിയ വരൾച്ച 2016-17 സാമ്പത്തിക വർഷത്തിലെ മൂന്നാം വിള കൃഷിക്ക് ദോഷം ചെയ്യുകയും ഉത്പാദനത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം-I

1.സുസ്ഥിര നെൽകൃഷി വികസനം

2. വികസന ഏജൻസികൾക്കുള്ള ഫണ്ട്.

3.പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനം

4.പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി

5.കരനെൽകൃഷി വികസനം

6.തരിശുനിലങ്ങളിൽ നെൽകൃഷി

7.ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി

8. പദ്ധതിയധിഷ്ഠിത ധനസഹായം

9.നൂതന ആശയങ്ങൾ നടപ്പാക്കുന്നതിന് ധനസഹായം.

10. ബ്ലോക്ക് തലത്തിൽ പദ്ധതി സംയോജനം .

11.റൈസ് മില്ലുകൾ സ്ഥാപിക്കൽ

12.നെൽകൃഷി ഉൽപ്പാദന ബോണസ് (നോൺ-പ്ലാൻ)

13.കാർഷിക സൗജന്യ വൈദ്യുതി പദ്ധതി. (നോൺ-പ്ലാൻ).

സെക്ഷൻ ഓഫീസർ

## അനുബന്ധം-II

## തരിശായിക്കിടന്ന പാടങ്ങൾ കൃഷിയോഗ്യമാക്കിയതിന്റെ ജില്ല തിരിച്ചുള്ള കണക്ക്

| ജില്ല | വിസ്തീർണ്ണം (ഹെക്ടർ) | പാടങ്ങളുടെ എണ്ണം | 2016-17 കൃഷി വകുപ്പ് പദ്ധതികൾ പ്രകാരം | 2017-18 കൃഷി വകുപ്പ് പദ്ധതികൾ പ്രകാരം (ലക്ഷ്യം) |
|---|---|---|---|---|
| തിരുവനന്തപുരം | 857.528 | 25 | 26.52 | 30 |
| കൊല്ലം | 102 | 12 | 168.113 | 207 |
| പത്തനംതിട്ട | 225 | 26 | 232.64 | 240 |
| ആലപ്പുഴ | 306.08 | 17 | 251.552 | 320 |
| കോട്ടയം | 200 | 32 | 187.1187 | 250 |
| ഇടുക്കി | 100 | 22 | 22.52 | 30 |
| എറണാകുളം | 450 | 14 | 203 | 300 |
| തൃശ്ശൂർ | 579.7 | 20 | 481.576 | 579.7 |
| പാലക്കാട് | 20 | 5 | 0 | 25 |
| മലപ്പുറം | 401 | 15 | 309.33 | 350 |
| കോഴിക്കോട് | 378.244 | 12 | 378.244 | 390 |
| വയനാട് | 106 | - | 95.55 | 120 |
| കണ്ണൂർ | 447 | 25 | 385.122 | 65 |
| കാസർഗോഡ് | 118.26 | 6 | 41.1 | 50 |
| **ആകെ** | **4290.812** | **231** | **2782.3857** | **2956.7** |

## കരനെൽകൃഷി നടപ്പിലാക്കിയതിന്റെ ജില്ല തിരിച്ചുള്ള കണക്ക്

| ജില്ല | 2016-17 കൃഷി വകുപ്പ് പദ്ധതികൾ പ്രകാരം | 2017-18 | |
|---|---|---|---|
| | | കൃഷി വകുപ്പ് പദ്ധതികൾ പ്രകാരം (ലക്ഷ്യം) | നാളിതുവരെ കൃഷി ചെയ്തത് |
| തിരുവനന്തപുരം | 251.125 | 200 | 200 |
| കൊല്ലം | 320 | 250 | 242.5 |
| പത്തനംതിട്ട | 120 | 100 | 146.83 |
| ആലപ്പുഴ | 44.996 | 100 | 88 |
| കോട്ടയം | 114 | 100 | 98 |
| ഇടുക്കി | 100 | 50 | 15 |
| എറണാകുളം | 91.495 | 100 | 92.125 |
| തൃശ്ശൂർ | 575 | 500 | 398.74 |
| പാലക്കാട് | 180.147 | 170 | 118.65 |
| മലപ്പുറം | 218.46 | 300 | 327.5 |
| കോഴിക്കോട് | 473.24 | 450 | 485 |
| വയനാട് | 34.45 | 50 | 10 |
| കണ്ണൂർ | 129.179 | 80 | 193.78 |
| കാസർഗോഡ് | 100 | 50 | 62 |
| **ആകെ** | **2752.092** | **2500** | **2478** |

(signature)

സെക്ഷൻ ഓഫീസർ